# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4458      27.06.2013-ൽ മറുപടിയ്ക്ക്

## നിയമസഭാമണ്ഡലാടിസ്ഥാനത്തിലുള്ള പൊതുമരാമത്ത് സെക്ഷൻ ഓഫീസുകളുടെ പുന:സംഘടന

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി.എ.മാധവൻ**<br>,, **ഐ.സി.ബാലകൃഷ്ണൻ**<br>,, **ഹൈബി ഈഡൻ**<br>,, **ആർ.സെൽവരാജ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) നിയമസഭാമണ്ഡലാടിസ്ഥാനത്തിലുള്ള പൊതുമരാമത്ത് സെക്ഷൻ ഓഫീസുകളുടെ പുന:സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (എ) ഒരു നിയമസഭാമണ്ഡലത്തിലെ റോഡുകൾ രണ്ടോ അതിലധികമോ റോഡ്സ് സെക്ഷനുകളുടെ പരിധിയിൽ വരുമ്പോൾ നിയോജകമണ്ഡലം എം.എൽ.എയ്ക്ക് റോഡുകളുടെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് അറിയുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിക്കുന്നില്ല എന്ന പരാതി എം.എൽ.എ.മാരിൽ നിന്നും ഉണ്ടായിരുന്നു. മാത്രമല്ല, പുതിയ അസംബ്ലി നിയോജക മണ്ഡലങ്ങൾ പ്രഖ്യാപിക്കുകയും നിയോജക മണ്ഡലങ്ങൾ പുനർനിർണ്ണയം ചെയ്യുകയും ചെയ്തപ്പോൾ പല നിയോജക മണ്ഡലങ്ങളിലും റോഡ്സ് സെക്ഷൻ ഓഫീസുകൾ ഇല്ലാത്ത അവസ്ഥയും സംജാതമായി. ആയതിനാൽ ഒരു നിയോജക മണ്ഡലത്തിൽ ഒരു സെക്ഷൻ ഓഫീസ് എങ്കിലും ഉണ്ടായിരിക്കണം എന്നതാണ് പുന: സംഘടനയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) എന്തെല്ലാം സഹായങ്ങളാണ് ഇതിന് വേണ്ടി ലഭിക്കുന്നത് ? | (ബി) പുന:ക്രമീകരണം സംബന്ധിച്ച കാര്യങ്ങൾക്ക് പ്രത്യേക സഹായങ്ങളൊന്നും ലഭിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**